**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6** **27-06-2022 - ൽ മറുപടിയ്ക്ക്**

**കെ-റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കെ-റെയിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | കാസർകോട് മുതൽ തിരുവനന്തപുരം വരെ നാലുമണിക്കൂറിൽ സഞ്ചാരം സാധ്യമാക്കുന്ന അർദ്ധ അതിവേഗ ഇരട്ട റെയിൽപാതയാണ് സിൽവർ ലൈൻ. മണിക്കൂറിൽ 200 കിലോമീറ്റർ പരമാവധി വേഗത്തിൽ സഞ്ചരിക്കുന്ന ഈ പാതയിൽ ആധുനിക സംവിധാനങ്ങളോടു കൂടിയുള്ള 11 സ്റ്റേഷനുകളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഐ.റ്റി പാർക്ക്, മെട്രോ, എയർപോർട്ട് എന്നിവിടങ്ങളിൽ കൂടിയും സിൽവർലൈൻ കണക്റ്റിവിറ്റി ഉണ്ടാകും. പുത്തൻ പൊതു ഗതാഗത സൗകര്യങ്ങൾ സൃഷ്ടിച്ച് സംസ്ഥാനത്തെ നിലവിലുള്ള റെയിൽവെ സ്റ്റേഷനുകൾ ഉപയോഗിക്കുന്ന വലിയൊരു വിഭാഗം ജനങ്ങൾക്ക് പദ്ധതി പ്രയോജനപ്പെടും. റോ-റോ സർവ്വീസ് ഫെസിലിറ്റിയും പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ചരക്കുനീക്കത്തിലുണ്ടാകുന്ന മാറ്റവും കേരളത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമാണ്. പ്രസ്തുത സർവ്വീസ് വഴി അഞ്ഞൂറോളം ചരക്കുവാഹനങ്ങൾ റോഡിൽനിന്ന് പിന്മാറും. ഇത് സംസ്ഥാനത്തെ രൂക്ഷമായ ഗതാഗതത്തിരക്ക് മാത്രമല്ല ദിനംപ്രതി വർധിക്കുന്ന റോഡപകടങ്ങളും കുറയ്ക്കും. പ്രതിദിനം തുടക്കത്തിൽ 79,930 യാത്രക്കാരെയാണ് പ്രതീക്ഷിക്കുന്നത്.<br><br>പദ്ധതി കടന്നു പോകുന്ന പ്രദേശങ്ങളിലെ വികസനത്തിനുപരി സംസ്ഥാനത്തിന്റെ മൊത്തത്തിൽ ഉള്ള വികസനത്തിനു ഇത് ആക്കം കൂട്ടും. സാമൂഹിക നേട്ടങ്ങൾ കൂടി കണക്കിലെടുത്തുള്ള പദ്ധതിയുടെ സാമ്പത്തിക വരുമാന നിരക്ക് (EIRR) 24.04% ആണ്. തുടക്കത്തിൽ 29 ട്രെയിനുകളാണ് സർവ്വീസ് നടത്തുക. 25 ടൺ ആക്സിൽ ലോഡിൽ രൂപകൽപന ചെയ്തിരിക്കുന്ന ഈ പാതയ്ക്ക് പാസഞ്ചർ |

| | | | |
|---|---|---|---|
| | | | ട്രെയിനുകളേയും ഗുഡ്സ് ട്രെയിനുകളേയും വഹിക്കുവാൻ ശേഷിയുണ്ടാകും. 74% ഭൂപ്രതലത്തിലൂടെയും 26% ആകാശപാത അല്ലെങ്കിൽ തുരങ്കപാതയായി ആണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. നൂറു ശതമാനം ഹരിതോർജ്ജമാണ് ഈ പദ്ധതിക്കായി ഉപയോഗിക്കുക. |
| (ബി) | പദ്ധതിക്കായി ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയാണെന്നും ഇത് എപ്രകാരം കണ്ടെത്തുമെന്നും വ്യക്തമാക്കുമോ; | (ബി) | വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച് സിൽവർ ലൈൻ പദ്ധതിക്കായി 63,941 കോടി രൂപയാണ് ആവശ്യമായി വരിക. ഇതിൽ തിരുവനന്തപുരം - കാസർകോട് അതിവേഗ റെയിൽപാതയുടെ നിർമ്മാണത്തിനായി വിദേശ വായ്പയായി സമാഹരിക്കുന്ന മുപ്പത്തിമൂവായിരം കോടി രൂപയ്ക്ക് പുറമേ 2150 കോടി രൂപയാണ് റെയിൽവേ വിഹിതമായി വരിക. 975 കോടി രൂപ റെയിൽവേ ഭൂമിയുടെ വിലയാണ്. സംസ്ഥാന സർക്കാർ 3253 കോടി രൂപയാണ് വഹിക്കുക. 4252 കോടി രൂപ പൊതുജന ഓഹരി പങ്കാളിത്തത്തിലൂടെ സമാഹരിക്കും. ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ 13,265 കോടി രൂപ ഹഡ്കോ, കിഫ്ബി, ഐ.ആർ.എഫ്.സി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുമാണ് സമാഹരിക്കുന്നത്. നിലവിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന കേരളത്തിൽ വിവിധ തലങ്ങളിലുള്ള ധനസമാഹരണത്തിലൂടെ സിൽവർലൈൻ പദ്ധതി യാഥാർത്ഥ്യമാക്കാനാവുന്ന സാഹചര്യമാണ്. കണ്ണൂർ, കൊച്ചി, വിമാനത്താവള വികസനമാതൃകയിൽ പൊതുജനനിക്ഷേപവും കൊണ്ടുവരാൻ സാധിക്കും. വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്കായി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോയെന്നും പദ്ധതിക്കായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും എന്തിനാണ് തുക ചെലവാക്കിയത് എന്നുമുള്ള വിശദാംശം വെളിപ്പെടുത്തുമോ; | (സി) | സിൽവർലൈൻ പദ്ധതിയുടെ നിക്ഷേപ പൂർവ്വ പ്രവർത്തനങ്ങളുമായി മുമ്പോട്ടു പോകുന്നതിനുള്ള തത്വത്തിലുള്ള അനുമതി റെയിൽവേ ബോർഡിൽ നിന്നും ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ വായ്പാസ്വരൂപണവുമായി ബന്ധപ്പെട്ട് റെയിൽവേ ബോർഡ്, ധനകാര്യം (എക്സ്പെൻഡിച്ചർ), നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ പദ്ധതി കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിനു ശുപാർശ ചെയ്തിട്ടുണ്ട്.<br><br>പദ്ധതിക്കായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും എന്തിനാണ് തുക ചെലവാക്കിയത് എന്നുമുള്ള വിശദാംശം അനുബന്ധം( 2) ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | പദ്ധതിക്കായി കുടിയൊഴിപ്പിക്കേണ്ടി വരുന്നവരുടെ എണ്ണം, ഏറ്റെടുക്കേണ്ട സ്ഥലവിസ്തൃതി, | (ഡി) | സാമൂഹികാഘാത പഠനം പൂർത്തിയായതിനു ശേഷം മാത്രമേ കുടിയൊഴിപ്പിക്കേണ്ടി വരുന്നവരുടെ |

| | | | |
|---|---|---|---|
| | പുനരധിവാസത്തിന് ചെലവഴിക്കേണ്ട തുക എന്നിവയുടെ വിശദാംശം വെളിപ്പെടുത്തുമോ ? | | എണ്ണം ലഭിക്കുകയുള്ളു. ഡി.പി.ആർ പ്രകാരം ഏറ്റെടുക്കേണ്ട സ്ഥലവിസ്തൃതി 1383 ഹെക്ടറാണ്. പുനരധിവാസത്തിനുള്ള പദ്ധതി പൂർത്തിയായാൽ മാത്രമേ കൃത്യമായ തുകയുടെ വിവരം ലഭിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| വിശദാംശങ്ങൾ | തുക | ശതമാനം |
|---|---|---|
| **മൂലധനം** | | |
| റെയിൽ മന്ത്രാലയം | **Rs.3,125 Cr** | 4.89% |
| കേരള സർക്കാർ | **Rs.3,253 Cr** | 5.09% |
| പബ്ലിക്ക് | **Rs 4,252 Cr** | 6.65%) |
| **അന്താരാഷ്ട്ര വായ്പ** | **Rs.33,700 Cr** | 52.70% |
| **സബോർഡിനേറ്റ് ഡബ്റ്റ്_** | | |
| കേന്ദ്ര സർക്കാർ (നികുതി ഇളവ്) | **Rs.3189 Cr** | 4.99% |
| കേരള സർക്കാർ (നികുതി ഇളവ്) | **Rs.2896 Cr** | 4.53% |
| കേരള സർക്കാർ - സ്ഥലമേറ്റെടുപ്പിനുള്ള ചിലവ് (land, EIA and R&R) - | **Rs.11,837 Cr** | 18.51% |
| JDA (ഭൂഉടമകൾക്കായുള്ള ഡെഫേർഡ് പെയ്മെന്റ് സ്കീം) | **Rs.1,525 Cr** | 2.39% |
| നിർമ്മാണ കാലഘട്ടത്തിലെ വായ്പ പലിശ കേരള സർക്കാർ | **Rs.164 Cr** | 0.26% |
| <u>ആകെ</u> | **Rs. 63,941/-** | 100% |

- **ഈ പദ്ധതിയുടെ** FIRR : 8.49% (CP 50 yrs)
- Economic IRR : 24.04 (CP 50 yrs)

സെക്ഷൻ ഓഫീസർ

അനുബന്ധം 2

| SL No. | NAME OF THE ~~PROJECT~~ Work. | Amount paid/payable till May 2022 |
|---|---|---|
| 1 | GENERAL CONSULTANCY SERVICES "FOR RAIL DEVELOPMENT PROJECTS OF KRDCL " | 20,82,70,365.00 |
| 2 | DEVELOPMENT OF ARCHITECTURAL DESIGNS/DRAWINGS OF STATIONS OF SILVERLINE FOR SEMI HIGH-SPEED RAIL CORRIDOR (SILVERLINE) BETWEEN THIRUVANANTHAPURAM TO KASARAGOD. | 10,58,460.00 |
| 3 | TOPOGRAPHICAL SURVEY OF PROPOSED SILVERLINE ALIGNMENT BETWEEN KOYILANDY AND CHALAKUNNU (FROM CH383/000 TO CH 439/500) FOR A LENGTH OF 49 KM AND APPROXIMATELY 25 HECTARE OF ADJACENT LAND PARCELS IDENTIFIED BY KRDCL BY USING DRONE/UAV PHOTOGRAMMETRIC TECHNOLOGY AND TOTAL STATION. | 8,27,088.00 |
| 4 | CRZ MAPPING FOR THE PROPOSED 530 KM LONG SILVERLINE (SEMI HIGH SPEED RAIL CORRIDOR) BETWEEN THIRUVANANTHAPURAM AND KASARAGOD. | 24,69,741.00 |
| 5 | MANGROVE CONSERVATION AND MANAGEMENT PLAN FOR THE PROPOSED SILVERLINE (SEMI HIGH SPEED RAIL) CORRIDOR BETWEEN THIRUVANANTHAPURAM TO KASARAGOD. | 15,79,548.00 |
| 6 | CARRYING OUT ENVIRONMENTAL IMPACT ASSESSMENT STUDY/FIELD WORK AND PREPARATION OF COMPREHENSIVE ENVIRONMENT IMPACT ASSESSMENT REPORT (CEIA), ENVIRONMENT MANAGEMENT PLAN (EMP), DETAILED SOCIAL IMPACT ASSESSMENT (SIA), RESETTLEMENT ACTION PLAN (RAP) AND INDIGENOUS PEOPLE PLAN (IPP) FOR PROPOSED SILVERLINE SEMI HIGH SPEED RAIL BETWEEN THIRUVANANTHAPURAM TO KASARAGOD (ABOUT 532 Kms long) | 10,03,000.00 |
| 7 | HYDROGRAPHIC AND TOPOGRAPHIC SURVEY OF MINOR, MAJOR AND IMPORTANT BRIDGES ALONG THE CORRIDOR BETWEEN THIRUVANANTHAPURAM TO KASARAGOD FOR SEMI HIGH SPEED RAIL CORRIDOR (SILVERLINE) | 6,40,633.80 |
| 8 | DIGITILIZING FIELD MEASUREMENT BOOK (FMB) ALONG SILVER LINE ALIGNMENT IN KOTTAYAM & ERNAKULAM DISTRICTS - REACH No.2 | 1,70,805.00 |
| 9 | SUPPLY & FIXING OF RCC PILLARS ON TWO BOUNDARY LINES AND CENTER LINE DULY CONDUCTING LOCATION SURVEY ALONG THE CORRIDOR FOR SEMI HIGH SPEED RAIL CORRIDOR (SILVER LINE) BETWEEN THIRUVANANTHAPURAM TO KASARAGOD, REACH 1 BETWEEN THIRUVANANTHAPURAM - KOLLAM - ALAPPUZHA-PATHANAMTHITTA, CHAINAGE (-) 1 Kms and 120.3 Kms | 41,84,995.86 |
| 10 | SUPPLY & FIXING OF RCC PILLARS ON TWO BOUNDARY LINES AND CENTER LINE DULY CONDUCTING LOCATION SURVEY ALONG THE CORRIDOR FOR SEMI HIGH SPEED RAIL CORRIDOR (SILVER LINE) BETWEEN THIRUVANANTHAPURAM TO KASARAGOD , REACH 2 BETWEEN KOTTAYAM - RERNAKULAM, CHAINAGE FROM 120.3 Kms AND 221.20 KMS | 11,52,420.08 |
| 11 | LAND SURVEY USING DGPS/TOTAL STATION AND PLANTING OF RCC BOUNDARY STONES FOR SILVERLINE PROJECT IN THRISSUR AND MALAPPURAM DISTRICTS. | 1,92,000.00 |
| 12 | SUPPLY & FIXING OF RCC PILLARS ON TWO BOUNDARY LINES AND CENTER LINE DULY CONDUCTING LOCATION SURVEY ALONG THE CORRIDOR FOR SEMI HIGH SPEED RAIL CORRIDOR (SILVER LINE) BETWEEN THIRUVANANTHAPURAM TO KASARAGOD , REACH 4 BETWEEN KOZHIKODE - MAHE-KANNUR CHAINAGE FROM 342.9 KMS TO 479.3 KMS | 34,80,275.58 |
| 13 | SUPPLY & FIXING OF RCC PILLARS ON TWO BOUNDARY LINES AND CENTER LINE DULY CONDUCTING LOCATION SURVEY ALONG THE CORRIDOR FOR SEMI HIGH SPEED RAIL CORRIDOR (SILVER LINE) BETWEEN THIRUVANANTHAPURAM AND KASARAGOD COVERING DISTRICT KASARAGOD BETWEEN CHAINAGE 479.3 KMS AND 532 KMS | 22,74,509.06 |
| 14 | GEOTECHNICAL INVESTIGATION ALONG THE CORRIDOR BETWEEN THIRUVANANTHAPURAM TO THRISSUR AND GEOLOGICAL & GEOPHYSICAL SURVEY AT TUNNEL SECTIONS BETWEEN THIRUVANANTHAPURAM TO KASARAGOD FOR SEMI HIGH SPEED RAIL CORRIDOR (SILVER LINE) | 10,53,980.44 |
| 15 | "Aerial LiDAR Survey for Thiruvananthapuram-Kasaragod Semi High Speed Rail Corridor" | 2,08,93,760.76 |
| 16 | "Subsoil Investigation for Thiruvananthapuram-Kasaragod Semi-High-Speed Rail Corridor." | 75,91,294.78 |
| 17 | "Traffic and Transportation Survey for Thiruvananthapuram Kasaragod Semi-High-Speed Rail Corridor." | 20,80,458.40 |
| 18 | EIA &SIA Survey for Survey for Thiruvananthapuram -Kasaragod Semi-High-Speed Rail Corridor. | 29,85,400.00 |
| 19 | Collection of land details and other Particulars for the purpose of acquisition of land for Semi-High speed Rail Corridor from Thiruvananthapuram to Kasaragod | 5,29,450.00 |
| 20 | "Traffic and Transportation Survey for Thiruvananthapuram-Kasaragod Semi-High-Speed Rail Corridor."-The Feasibility of sleeper Trains in night and Feasibility of restaurant cars in day trains | 2,95,000.00 |
| 21 | Design Consultancy services for the proposed Thiruvananthapuram (Kochuveli) station of Semi High Speed Rail Project | 6,50,000.00 |
| 22 | Consultancy for review of the observations of NITI AAYOG on SilverLine Project | 48,00,000.00 |
| 23 | Review and modificaiton of Design Basis Reports for various Civil Structures of Semi-High Speed Rail Project from Thiruvananthapuram to Kasaragod | 22,65,600.00 |

| SL No. | NAME OF THE PROJECT | Amount paid/payable till May 2022 |
|---|---|---|
| 24 | Supply & Fixing of RCC Pillars on two boundary lines and center line duly conducting location survey along the corridor for Semi High Speed Rail Corridor (SilverLine) between Thiruvananthapuram to Kasaragod. Reach 2 between Kottayam-Ernakulam, chainage from 120.3 kms to 221.2 kms | 8,16,442.00 |
| 25 | Supply & Fixing of RCC Pillars on two boundary lines and center line duly conducting location survey along the corridor for Semi High Speed Rail Corridor (SilverLine) between Thiruvananthapuram to Kasaragod covering districts in Thrissur-Malappuram Reach 3, chainage from 221.2 kms to 342.9 kms. | 8,16,442.00 |
| 26 | Validation check-X,Y,Z Co ordinates | 1,11,510.00 |
| 27 | Conducting feasibility study to ascertain the suitability of Fibre Bragg Grating Sensing Technology based Structural Health Monitoring System to monitor structures | 29,45,280.00 |
| 28 | Enhancing Environmental sustainability for the K-rail Silver line project | 16,99,200.00 |
| 29 | The work of transportation of **3648 RCC boundary stones** from Kondotty to Tirur in connection with Silverline project | 4,19,520.00 |
| 30 | Establishment & Contigency Charges for the LA unit of 11 districts- 19.5 cr transfer to revenue department | 20,50,00,000.00 |
| | **Total** | **48,22,57,179.76** |

Reji John
23/6
DF